**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*336** **15.03.2018 ൽ മറുപടിയ്ക്ക്**

**ഊർജ്ജമേഖലയിലെ പ്രധാന ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാന ഊർജ്ജമേഖലയിലെ പ്രധാന ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.എൽ., അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നിവയാണ് ഊർജ്ജ വകുപ്പിന് കീഴിലുള്ള സംസ്ഥാന ഊർജ്ജ മേഖലയിലെ പ്രധാന ഏജൻസികൾ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്</u>**<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തികക്ഷമതയും പ്രവർത്തന ക്ഷമതയും മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഉല്പാദന മേഖലയിൽ മുടങ്ങിക്കിടന്നതോ, മറ്റു തടസ്സങ്ങൾ ഉള്ളതോ ആയ പദ്ധതികൾ സമയബന്ധിത-മായി പൂർത്തിയാക്കുന്നതിനും പദ്ധതികളുടെ പുരോഗതിയുടെ അവലോകനം വകുപ്പ മന്ത്രി തലത്തിലും മറ്റു തലങ്ങളിലും നടത്തി കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിലൂടെ പദ്ധതി നിർവ്വഹണം എളുപ്പത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>പ്രസരണ മേഖലയിലെ ദീർഘകാല പദ്ധതി യായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.പി.ഡി.എസ്., ഡി.ഡി.യു.ജി. |

| | | | |
|---|---|---|---|
| | | | ജെ.വൈ. പദ്ധതികൾ, കാസർഗോഡ് നടപ്പിലാക്കുന്ന 200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതികൾ തുടങ്ങിയ പദ്ധതികളുടെ പുരോഗതി മുഖ്യമന്ത്രിയുടെ ഓഫീസ് വെബ് പോർട്ടലിൽ ലഭ്യമാക്കി അവലോകനം നടത്തുന്നതിനുള്ള സംവിധാനം വഴി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br><br>വിതരണ മേഖലയിൽ വിതരണ ശൃംഖല വരുന്ന മൂന്നു വർഷം കൊണ്ട് സമഗ്രമായ പരിഷ്കരണത്തിലൂടെ വിതരണ മേഖലയിലെ സാങ്കേതിക വാണിജ്യനഷ്ടം 10.58% ആയി കുറച്ച് ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ന്യായമായ വിലയിൽ ലഭ്യമാക്കുവാൻ സർക്കിൾ തലങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള സോഫ്റ്റ് വെയർ പാക്കേജുകൾ വികസിപ്പിച്ചെടുത്ത് ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br><br>മാനവശേഷി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർക്കും ഓഫീസർമാർക്കും ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റം നൽകുന്ന സംവിധാനം നിലവിൽ വന്നു.<br><br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും വിഹിതം നൽകി കൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജത്തിൽ നിന്നുള്ള ഉല്പാദനം പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് കേരള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ സർവ്വീസ് പ്രൊവൈഡറായി നിലനിർത്തി കൊണ്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു.<br><br>കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ, പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തതു വഴി AT & C loss (സാങ്കേതിക വാണിജ്യ സഞ്ചിത നഷ്ടം) ഉം റവന്യൂ ഗ്യാപ്പും (ARR-ACS) കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അതുവഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാമ്പത്തിക നേട്ടം ഉണ്ടാകുന്നതാണ്.<br><br>**<u>അനെർട്ട്</u>**<br>2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ പദ്ധതികളുടെ ഭാഗമായി അക്ഷയ ഊർജ്ജ പ്രചരണ, വ്യാപന രംഗത്ത് അനെർട്ട് മുഖേന യഥാക്രമം 4388 ലക്ഷം, 4830 ലക്ഷം രൂപയുടെ പദ്ധതി അടങ്കലാണ് അനുവദിച്ചിട്ടുള്ളത്. അനെർട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Centre for Management Development (CMD) മുഖേന പഠനം നടത്തുന്നതിന് 16.96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. CMD അതനുസരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇ.എം.സിയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേരളത്തിൽ ഉപയോഗിക്കുന്ന ഡീസൽ ജനറേറ്റർ സെറ്റുകൾ, ബോയിലറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള വിശദ പഠനങ്ങൾ നടത്തുകയും 5 കാര്യക്ഷമത കുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കാര്യക്ഷമത കൂടിയവ സ്ഥാപിച്ചാൽ ഉണ്ടാകുന്ന ലാഭം മനസ്സിലാക്കുന്നതിനുള്ള പഠനം നടത്തി വരുന്നു. കൂടാതെ എല്ലാ മേഖലകളിലും ഊർജ്ജ സംരക്ഷണം കൈവരിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ വിപുലീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**<br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള ടെസ്റ്റിംഗ് ലാബുകളിൽ ടെസ്റ്റിംഗ് സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഏജൻസികൾ വാർഷിക പ്ലാനിന്റെ 50% പോലും ചെലവഴിക്കാത്തത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2017-18-ന്റെ വാർഷിക പദ്ധതിയിൽ 1500 കോടി രൂപയാണ് ഉല്പാദന-പ്രസരണ-വിതരണ മേഖലകളിലും മറ്റിനങ്ങളിലുമായി ഉൾപ്പെടുത്തിയിരുന്നത്. ഫെബ്രുവരി മാസം വരെയുള്ള സാമ്പത്തിക പുരോഗതി റിപ്പോർട്ട് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 90%-ത്തിലധികം രൂപ ചെലവാക്കിയിട്ടുണ്ട്.<br>സർക്കാർ ബഡ്ജറ്റിൽ 25.14 കോടി രൂപ മാത്രം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു വേണ്ടി Innovation & ESCOT ഫണ്ടിൽ പ്രവൃത്തികൾക്കായി 2017-18 ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. 2018-19 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 2017-18-ന്റെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിഹിതം 15.14 കോടി രൂപയായി കുറച്ചിട്ടുണ്ട്. Innovation & ESCOT ഫണ്ടിൽ ഭരണാനുമതി കിട്ടിയിട്ടുള്ള പ്രവൃത്തികളിൽ 3 എണ്ണം ഒഴികെയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ സാമ്പത്തിക പുരോഗതി ലഭ്യമാകുകയുള്ളൂ.<br><br>അനെർട്ടിന്റെ 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ ഫണ്ട് ലഭ്യതയും വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>ഇ.എം.സിയുടെ വാർഷികപദ്ധതിച്ചെലവ് എല്ലാ വർഷവും 80 ശതമാനത്തിന് മുകളിലാണ്.<br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് വാർഷികപദ്ധതിച്ചെലവിന്റെ 50 ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## അനെർട്ട് - 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ ഫണ്ട് ലഭ്യതയും വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | 2016-17 പ്ലാൻ ഫണ്ട് അനുവദിച്ചത് | 2016-17 ചെലവ് (ലക്ഷത്തിൽ) | 2017-18 പ്ലാൻ ഫണ്ട് അനുവദിച്ചത് | 2017-18 ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | അനെർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികൾ 2810-00-800-90 (01) | 252.35 | 81.19 | 997.65 | 373.32 |
| 2 | പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം 2810-00-800-90 (02) | 600 | 80.6 | 2298 | 1029.36 |
| 3 | പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ വിലയിരുത്തൽ 2810-00-800-90 (03) | 188 | 1.88 | | |
| 4 | ഗവേഷണവും, വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ 2810-00-800-90 (04) | 100 | 26.64 | | |
| 5 | പരിശീലനം, വ്യാപനം, പ്രചരണം 2810-00-800-90 (05) | 40 | 33.48 | | |
| 6 | ക്യാരി ഓവർ പ്രോജക്ട് | | 3183.55 | | 716.62 |
| 7 | അക്ഷയ ഊർജ്ജ പദ്ധതികൾ 2810-00-800-90 (06) | | | | 901.26 |
| 8 | അക്ഷയ ഊർജ്ജ പദ്ധതികൾ- പൊതുജന പങ്കാളിത്തം, ലഭ്യത, പഠനങ്ങൾ, വികസന പരിപാടികൾ 2810-00-800-90-(07) | | | | 643.05 |
| | **Total** | **1180.35** | **3407.34** | **3295.65** | **3663.61** |

സെക്ഷൻ ഓഫീസർ